അക്കൗണ്ടന്റ്	2
സീനിയർ ക്ലാർക്ക്	109
ക്ലാർക്ക്	212
ഓഫീസ് അറ്റൻഡന്റ്	42
ലൈബ്രേറിയൻ	2
ഡ്രൈവർ	14

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടി കേന്ദ്രത്തിന്റെ നിർമ്മാണം

6099 ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി പഞ്ചായത്തിലെ 5-ാം വാർഡ് സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടി കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏറ്റിട്ടുള്ള തൃശ്ശൂർ ജില്ലാ പോലീസ് സഹകരണ സംഘത്തിന് ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പഞ്ചായത്ത് കൈമാറിയിട്ടും ഇതുവരെയും നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയാമോ;

(ഡി) പ്രസ്തുത വിജ്ഞാൻവാടി കേന്ദ്ര നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് ആവശ്യപ്പെട്ടതു പ്രകാരം ഗ്രാമപഞ്ചായത്ത് എല്ലാ രേഖകളും ചാലക്കുടി ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർമ്മാണച്ചുമതല ഏറ്റിട്ടുള്ള തൃശ്ശൂർ ജില്ലാ പോലീസ് സഹകരണ സംഘം നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ വിളിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല.

(ഡി) പട്ടികജാതി വികസന വകുപ്പ് ആവശ്യപ്പെട്ടന്നതാണ്.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

6110 ശ്രീ. എം. എ. വാഹീദ് :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചെന്നും അവ ഏതെല്ലാം തരത്തിൽ വിനിയോഗിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) I. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ചിൽഡ്രൻസ് ഹോമുകൾ
2. ഒബ്സർവേഷൻ ഹോമുകൾ
3. സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ
4. ആഫ്റ്റർ കെയർ ഹോമുകൾ
5. വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly